# ക്ഷീര വികസന വകുപ്പ്-
# മാധ്യമ അവാർഡ് 2025- അപേക്ഷകൾ ക്ഷണിക്കുന്നു

ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി മാസത്തിൽ കൊല്ലം ജില്ലയിൽ വച്ച് നടത്തപ്പെടുന്ന 2025-26 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം **"പടവ് 2026"** നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്കാരങ്ങൾ നല്കുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിഭാഗങ്ങളിൽ പുരസ്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിക്കുന്നു.

**I. പൊതുവിഭാഗം**

1. മികച്ച പത്ര റിപ്പോർട്ട്
2. മികച്ച പത്ര ഫീച്ചർ
3. മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ)
4. മികച്ച പുസ്തകം (ക്ഷീര മേഖല)
5. മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ
6. മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്
7. മികച്ച ദൃശ്യ മാധ്യമ ഫീച്ചർ
8. മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രാം
9. മികച്ച ഫോട്ടോഗ്രാഫ്
   ("ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ" എന്ന വിഷയത്തിൽ)

**II. ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർ**

1. മികച്ച ഫീച്ചർ-ദിനപ്പത്രം, ആനുകാലികം
2. മികച്ച ഫോട്ടോഗ്രാഫ്

("ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ" എന്ന വിഷയത്തിൽ)

എൻട്രികൾ **2024 ജനുവരി 01** മുതൽ **2025 ഒക്ടോബർ 31** വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും (www.dairydevelopment.kerala.gov.in) ലഭ്യമാണ്. വിജയികൾക്ക് 25,000/- രൂപ ക്യാഷ് അവാർഡും, ഫലകവും, പ്രശസ്തി പത്രവും നൽകുന്നതായിരിക്കും.
**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 30.12.2025 വൈകിട്ട് 4 മണി.**

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റെൻഷൻ)
ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം പി.ഒ, തിരുവനന്തപുരം -695004
ബന്ധപ്പെടേണ്ട ഫോൺ നം. 9995240861/9446453247/9495541251

Signed by
Salini Gopinath
Date: 15-12-2025 10:41:30

**ഡയറക്ടർ**

# മാധ്യമ അവാർഡ്-പൊതു നിബന്ധനകൾ

1. 01.01.2024 മുതൽ 31.10.2025 കാലയളവിൽ പ്രസിദ്ധീകരിച്ചത്/സംപ്രേഷണം/ പ്രക്ഷേപണം ചെയ്തവയായിരിക്കണം
2. എൻട്രികൾ നിശ്ചിത അപേക്ഷാ ഫാറത്തിൽ സമർപ്പിക്കണം. അപേക്ഷാ ഫാറം ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം/വകുപ്പ് വെബ്സൈറ്റിൽ (www.dairydevelopment.kerala.gov.in) നിന്ന് ലഭ്യമാണ്.
3. എൻട്രികൾ അപേക്ഷ സഹിതം സ്വീകരിക്കുന്ന **അവസാന തീയതി: 30.12.2025 വൈകിട്ട് 4 മണി വരെ.** തപാൽ വഴിയോ നേരിട്ടോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
4. ഒരു വ്യക്തിക്ക്/സ്ഥാപനത്തിന് പരമാവധി 3 അപേക്ഷകൾ സമർപ്പിക്കാം
5. അച്ചടി ഇനത്തിൽ ലേഖകൻ തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
6. ദൃശ്യ-ശ്രവ്യ വിഭാഗത്തിൽ സ്ഥാപനങ്ങൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
7. അച്ചടി വിഭാഗത്തിൽ അപേക്ഷകർ ഒറിജിനൽ മാഗസിൻ/പ്രസിദ്ധീകരണവും, ആയതിന്റെ **5 പകർപ്പുകളും** അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
8. **അച്ചടി വിഭാഗം**-മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന രജിസ്റ്റേർഡ് പത്രങ്ങൾ, മാഗസിനുകൾ-വാരിക, ദ്വൈവാരിക, ത്രൈവാരിക, മാസിക തുടങ്ങിയവയിലെ ലേഖകർക്ക് പങ്കെടുക്കാം. പുസ്തക വിഭാഗത്തിൽ എൻട്രികൾ **2024 ജനുവരി 01** മുതൽ **2025 ഒക്ടോബർ 31** വരെ പ്രസിദ്ധീകരിച്ചവ ആയിരിക്കണം.
9. **ശ്രവ്യ വിഭാഗം**-30 മിനിറ്റിൽ അധികരിക്കാത്തതും MP3, MP4 ഫോർമാറ്റിൽ DVD/Pendrive-ൽ എൻട്രികൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള **ബ്രോഡ്കാസ്റ്റ് സർട്ടിഫിക്കറ്റ്** നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
10. **ദൃശ്യ വിഭാഗം**-റിപ്പോർട്ടുകൾ 2 മിനിറ്റിൽ അധികരിക്കാത്തത്. ഫീച്ചർ/ ഡോക്യുമെന്ററി/മാഗസിൻ-30 മിനിറ്റിൽ അധികരിക്കാത്തതും MP4 ഫോർമാറ്റിൽ DVD/Pendrive-ൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള **ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്** നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
11. **ഫോട്ടോഗ്രാഫി- "ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ"** എന്ന വിഷയത്തെ ആസ്പദമാക്കി ആയിരിക്കും മത്സരം. 18 വയസിന് മുകളിൽ പ്രായം ഉള്ള ആർക്കും പങ്കെടുക്കാം. ഫോട്ടോ സൈസ്-18" X 12". പ്രൊഫഷണൽ ക്യാമറയിൽ പകർത്തിയതും സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള എഡിറ്റിംഗിന് വിധേയമാക്കാത്തതുമായ ഫോട്ടോകൾ നൽകേണ്ടതാണ്. മത്സരത്തിന് എൻട്രികൾ ആയി ലഭിക്കുന്ന ഫോട്ടോഗ്രാഫുകളുടെ പകർപ്പവകാശം ക്ഷീര വികസന വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്. ഒരു അപേക്ഷകന് പരമാവധി 3 എൻട്രികൾ അയയ്ക്കാവുന്നതാണ്.
12. അഞ്ച് അംഗ ജഡ്ജിങ് കമ്മറ്റി ആയിരിക്കും വിജയികളെ തീരുമാനിക്കുന്നത്. ടി കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
13. ഓരോ വിഭാഗത്തിലെ വിജയികൾക്കും 25,000/- രൂപ വീതം ഉള്ള ക്യാഷ് അവാർഡും, ഫലകവും, പ്രശസ്തി പത്രവും നൽകുന്നതാണ്.

ഡയറക്ടർ

Signed by
Salini Gopinath
Date: 15-12-2025 10:42:05

# ക്ഷീര വികസന വകുപ്പ്

## സംസ്ഥാന ക്ഷീര സംഗമം: 2025-26- "പടവ് 2026"

### മാധ്യമ അവാർഡ് 2025-അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേര് :

2. അപേക്ഷകന്റെ വിലാസം :

3. ഫോൺ നം. :

4. ഇ-മെയിൽ :

5. മത്സരവിഭാഗം
   (വിജ്ഞാപനത്തിൽ
   പ്രതിപാദിച്ചിരിക്കുന്നതിൽ ഏത്
   ഇനം എന്ന് രേഖപ്പെടുത്തണം) :
6. പ്രതിനിധീകരിക്കുന്ന സ്ഥാപനം :

7. എൻട്രി സംബന്ധിച്ച ലഘു :
   വിവരണം (100 വാക്കുകളിൽ
   അധികരിക്കാതെ-വേണമെങ്കിൽ
   അനുബന്ധമായി ഉൾപ്പെടുത്താം)

8. ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധ:
   രേഖകൾ

   a)
   b)
   c)

മേൽ സമർപ്പിച്ചിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണവും സത്യവുമാണ് എന്നും ക്ഷീര വികസന വകുപ്പിന്റെ 2025 വർഷത്തെ മാധ്യമ അവാർഡ് നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം:
തീയതി:

**ഒപ്പും, പേരും**